നോവലെറ്റ് 9

# മഞ്ഞിലക്കാട്ടിലെ കുരങ്ങൻ വൈദ്യർ

• അനൂപ് അനന്തൻ

## തിരിച്ചറിവ്



അതാ, തന്റെ മുൻപിൽ മഞ്ഞിലക്കാട് പഴയ പ്രതാപത്തോടെ നിറഞ്ഞുനിൽക്കുന്നു. ഒരിക്കലും തിരിച്ചെത്തുമെന്നു കരുതിയില്ല. അപ്പോഴേക്കും ബന്ധുക്കളും അല്ലാത്തവരും ടിങ്കു തിരിച്ചെത്തിയത് അറിഞ്ഞു. ആ വാർത്ത കാടാകെ പരന്നു.

മഞ്ഞിലമരുന്നിന്റെ രഹസ്യം കണ്ടുപിടിച്ച് ടിങ്കു തിരിച്ചെത്തിയെന്നായി ചിലർ. പലരും ടിങ്കുവിനോട് ചോദിച്ചു. ഇനിയീ കാടിന്റെ വൈദ്യർ ടിങ്കു ആയിരിക്കും അല്ലേ. ടിങ്കു ഒന്നിനും മറുപടി പറഞ്ഞില്ല. ഈ വിവരം കുരങ്ങൻ വൈദ്യരുടെ ചെവിയിലുമെത്തി.

ചിലർ വൈദ്യർ സ്ഥലം വിടുകയാണെന്നും എല്ലാവിധ രോഗത്തിന്റെയും ഒറ്റമൂലിയുമായാണ് ടിങ്കു എത്തിയിരിക്കുന്നതെന്നും പ്രചരിപ്പിച്ചു.

ഇതിനിടയിൽ ടിങ്കുവിനായി ചിലർ കൂടിൽ കെട്ടാൻ തുടങ്ങി. ആരോടും സംസാരിക്കാതിരിക്കുന്ന ടിങ്കു ഏതോ പുതിയ മരുന്നിനെക്കുറിച്ചുള്ള ചിന്തയിലാണെന്നും പ്രചരിച്ചു.

മഞ്ഞിലക്കാടെന്ന പേരുപോലും മാറ്റണമെന്നും ചർച്ച വന്നു. കാരണം ടിങ്കുവിന്റെ മരുന്നിന് പല നിറമാണത്രെ.

ഒടുവിൽ ടിങ്കു സംസാരിച്ചു. തന്റെ ചുറ്റും കൂടി നിന്നവരോടായി പറഞ്ഞു. "എല്ലാവരും മാറിനിൽക്കണം. ഞാൻ കുരങ്ങൻ വൈദ്യരുടെ അടുത്തേക്ക് പോവുകയാണ്."

പിന്നെ വൈദ്യരുടെ അടുത്തേക്കുള്ള യാത്രയാണ്. ഈ വിവരം കാട്ടിലെ മറ്റു മൃഗങ്ങളുടെ അടുത്തും എത്തി. എല്ലാവരും കുരങ്ങൻ വൈദ്യരുടെ ഗുഹയ്ക്കടുത്ത് ഒത്തുകൂടി.

കുരങ്ങൻ വൈദ്യരെ വെല്ലുവിളിക്കാനാണെന്ന പ്രചാരണം ശക്തമായി. ടിങ്കു കുരങ്ങൻ വൈദ്യരുടെ ഗുഹയ്ക്കകത്തേക്ക് കയറി.

കുരങ്ങൻ വൈദ്യർ അകത്തിരിക്കുകയാണ്. ചെറുചിരിയോടെ വൈദ്യർ ചോദിച്ചു. "അന്വേഷിച്ചു കണ്ടെത്തിയോ?" ടിങ്കു ഒന്നും പറഞ്ഞില്ല. പൊട്ടിപ്പൊട്ടി കരഞ്ഞുകൊണ്ട് തന്റെ ദുരനുഭവങ്ങൾ പറഞ്ഞു.

കുങ്കൻ വൈദ്യരുടെ സംഘത്തിന്റെ കൈയിൽപ്പെട്ടത്... അവിടെ നിന്നും രക്ഷപ്പെട്ട് നാടോടികളുടെ പിടിയിലായത്... പട്ടിണി... ഒരിക്കലും തിരിച്ച് കാട്ടിലെത്തുമെന്ന് കരുതിയിരുന്നില്ല.

കുരങ്ങൻ വൈദ്യർ കൊച്ചു കുട്ടിയെ തലോടുന്നതുപോലെ ടിങ്കുവിനെ തലോടി. എന്നിട്ട് പറഞ്ഞു. "നീ കഴിവുള്ളവനാ. പക്ഷെ, നിന്റെ കഴിവുകൾ നേർവഴിക്കു നീ ഉപയോഗിച്ചില്ല. ആരെയും വെല്ലുവിളിക്കുന്നതിലല്ല കാര്യം.

നമ്മുടെ വഴി സ്വയം കണ്ടെത്തുന്നതിലാണ്. നിനക്ക് പഠിക്കാനേറെയുണ്ട്. ഈ കാടിന്റെ വൈദ്യരാവാൻ കഴിയും. പക്ഷെ, അതൊരു സുപ്രഭാതത്തിൽ നടക്കില്ല. അതിനുള്ള ക്ഷമവേണം." ടിങ്കു പറഞ്ഞു.

"എനിക്ക് ഈ കാടിന്റെ വൈദ്യരാവേണ്ട. പക്ഷെ, എനിക്ക് അങ്ങയുടെ ഒപ്പം കഴിയണം. ഈ മരുന്നിന്റെ മണമുള്ള ജീവിതം വേണം. രോഗികൾക്ക് മരുന്നു നൽകണം. അവരുടെ രോഗം മാറുമ്പോഴുള്ള സന്തോഷം കാണണം."



കുരങ്ങൻ വൈദ്യർ ഗുഹയ്ക്ക് പുറത്തിറങ്ങി. ടിങ്കുവിന്റെ തോളിൽ കൈയിട്ടു നിന്നു. അവിടെ കൂടിയവരോടൊക്കെ ടിങ്കു തന്റെ ദുരനുഭവങ്ങൾ കണ്ണീരോടെ പറഞ്ഞു. അതോടെ ടിങ്കുവിനെക്കുറിച്ച് പ്രചരിച്ച എല്ലാ കഥകളും ഇല്ലാതായി.

പക്ഷെ, കുരങ്ങൻ വൈദ്യർ എല്ലാവരോടുമായി പറഞ്ഞു. "ഇനി ടിങ്കു എന്റെ സഹായിയായി കാണും. നാളെയീ കാടിന്റെ വൈദ്യരാവും. അവൻ എല്ലാം പഠിച്ചുവരും. കൂടിനിന്നവരെല്ലാം കുരങ്ങൻ വൈദ്യരുടെ നല്ല മനസിനെ പുകഴ്ത്തി. ടിങ്കുവിന് താൻ കൊതിച്ച ജീവിതം ലഭിക്കാൻ പോകുന്നു. ഇപ്പോൾ ടിങ്കുവിന്റെ മനസിൽ സന്തോഷം. സന്തോഷം മാത്രം.

(അവസാനിച്ചു)